I/192606/2024

**തദ്ദേശ സ്വയം ഭരണ വകുപ്പ് പ്ലാനിംഗ്**

**ജില്ലാ ടൌൺ പ്ലാനറുടെ കാര്യാലയം, വയനാട്**

**<u>നടപടിക്രമം</u>**

**(ഹാജർ: ഡോ.ആതിര രവി)**

വിഷയം : തദ്ദേശ സ്വയം ഭരണ വകുപ്പ് പ്ലാനിംഗ്, വയനാട് – എടവക ഗ്രാമ പഞ്ചായത്തിൽ നല്ലൂർനാട് വില്ലേജിൽ സർവ്വേ നമ്പർ 12 /822 -2 ൽ പ്പെട്ട 0.5504 ഹെക്ടർ സ്ഥലത്ത് വിദ്യാഭ്യസ കെട്ടിടം നിർമ്മിക്കുന്നതിന് ലേ ഔട്ട് അനുമതി സംബന്ധിച്ച്

സൂചന :

1. കോർപ്പറേറ്റ് മാനേജർ, കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസി, ദ്വാരക , നല്ലൂർനാട് 08/12/2023 തിയ്യതിയിലെ കെട്ടിട നിർമ്മാണ അപേക്ഷ.
2. ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയുടെ 04/02/2019 ലെ DCWYD/13883/2018/DEOC-1 (2) നമ്പർ ഉത്തരവ്.
3. ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയുടെ 13/03/2023 ലെ DCWYD/6697/2022- DM2 നമ്പർ ഉത്തരവ്.
4. ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയുടെ 22/07/2023ലെ DCWYD/9464/2019/DM2 നമ്പർ ഉത്തരവ്.

**<u>ഉത്തരവ് നമ്പർ.LSGD/JD/WYD/486/2023-F1 തീയതി: 01-02-2024</u>**

എടവക ഗ്രാമ പഞ്ചായത്തിൽ നല്ലൂർനാട് വില്ലേജിൽ സർവ്വേ നമ്പർ 12 / 822 -2 ൽ പ്പെട്ട 0.5504 ഹെക്ടർ സ്ഥലത്ത് നിലവിലുള്ള സ്കൂൾ കെട്ടിടത്തിന്റ സമീപത്തായി മറ്റൊരു പുതിയ സ്കൂൾ കെട്ടിടം നിർമ്മിക്കുന്നതിനായി ലേ ഔട്ട് അനുമതി ആവിശ്യപ്പെട്ടുകൊണ്ട് വന്ന സൂചന അപേക്ഷ പരിശോധിച്ചതിൽ KPBR -2019 ലെ റൂൾ 5 (6 ) ലെ വ്യവസ്ഥകൾ പാലിക്കുന്നതിനാൽ സൂചന 2,3,4 ഉത്തരവുകൾക്കും താഴെ പറയുന്ന നിബന്ധനകൾക്കും വിധേയമായി നിർമ്മാണത്തിന് ലേ ഔട്ട് അനുമതി നൽകി ഉത്തരാവാകുന്നു. കെട്ടിടത്തിൻറെ ഏരിയ സ്റ്റേറ്റ്മെൻറ് താഴെ ചേർക്കുന്നു .

| BUILT UP AREA | | | | | |
|---|---|---|---|---|---|
| Sl No | Floor | Existing area (in sq.meter) | Proposed area (in sq.meter) | Total area(in sq.meter) | |
| 1 | Ground Floor ( Prop.Building) | | 314.49 | 314.49 | **988.35** |
| | First Floor ( Prop.Building) | | 314.49 | 314.49 | |
| | Second Floor ( Prop.Building) | | 314.49 | 314.49 | |
| | Stair Room ( Prop.Building) | | 44.88 | 44.88 | |
| 2 | Ground Floor ( Exi.Building) | 894.41 | | 894.41 | **2141.12** |
| | First Floor ( Exi.Building) | 662.46 | | 662.46 | |
| | Second Floor ( Exi.Building) | 584.25 | | 584.25 | |
| 3 | Ground Floor ( Exi. Toilet Block) | 70.57 | | 70.57 | **70.57** |
| 4 | Ground Floor ( Exi. Toilet Block) | 28.37 | | 28.37 | **28.37** |
| 5 | Ground Floor ( Exi. Toilet Block) | 31.48 | | 31.48 | **31.48** |
| Grand Total | | | | | **3259.89** |

TOTAL EXISTING BUILT UP AREA = 2271.54 Sq.meter

TOTAL PROPOSED BUILT UP AREA= 988.35 Sq.meter

TOTAL AREA = 3259.89

FSI=0.58

Coverage = 24.33%

<u>നിബന്ധനകൾ</u>

1. നിർദിഷ്ട നിർമാണം കെ.പി.ബി.ആർ 2019 ചട്ടങ്ങൾക്കും അനുബന്ധ ഭേദഗതികൾക്കും വിധേയമായിട്ടുള്ളതാണെന്നും ലേഔട്ട് അനുമതി നൽകിയിട്ടുള്ള പ്ലാനുകൾ പ്രകാരവുമാണെന്നും സെക്രട്ടറി ഉറപ്പുവരുത്തേണ്ടതാണ്.

2. സ്ഥലത്ത് നിലവിലുള്ള കെട്ടിടങ്ങൾ അനാധികൃതമല്ലെന്നും ആയതിന്റെ ഏരിയ പഞ്ചായത്തിലെ വസ്തുനികുതി രജിസ്റ്ററിൽ രേഖപ്പെടുത്തിയ പ്രകാരമുള്ളതാണെന്ന് സെക്രട്ടിറി പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്.

3. സ്ഥലത്തിന്റെ ഉടമസ്ഥത സംബന്ധിച്ച രേഖകൾ, സർവെ നമ്പർ, വിസ്തൃതി, അതിരുകൾ, അളവുകൾ, ഉടമസ്ഥാവകാശം, നിർമാണാവകാശം, എന്നിവ പരിശോധിച്ച സെക്രട്ടറി ഉറപ്പുവരുത്തേണ്ടതാണ്.

4. കെ.പി.ബി.ആർ 2019 ചട്ടം 5 പ്രകാരം ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും നിരാക്ഷേപ പത്രം ലഭ്യമാക്കേണ്ടതാണ്.

5. നിർമ്മാണ സ്ഥലത്ത് ഉദ്ദേശിക്കുന്ന വികസന/നിർമ്മാണ പ്രവൃത്തികൾ 2008-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമം, അനുബന്ധ സർക്കാർ സർക്കുലറുകൾ, 1967 ലെ കേരള ഭൂവിനിയോഗ ഉത്തരവ്, 1963-ലെ കേരള ഭൂപരിഷ്കരണ നിയമം എന്നിവ ബാധകമാകുന്ന പക്ഷം അവയ്ക്ക് അനുസൃതമായിരിക്കണം.

6. നിർദിഷ്ട സ്ഥലത്തു പുറമ്പോക്കു ഭൂമി, ഉൾപ്പെടുന്നില്ല എന്ന് സെക്രട്ടറി ഉറപ്പുവരുത്തേണ്ടതാണ്.

7. നിർദിഷ്ട സ്ഥലത്തു നിന്നും യാതൊരുവിധ മാലിന്യങ്ങളും സമീപ പ്രദേശങ്ങളിലേക്കോ ജല സ്രോതസ്സിലേക്കോ കലരുവാൻ പാടുള്ളതല്ല.

7A. ഒക്യുപ്പൻസി സർട്ടിഫിക്കറ്റ് നല്കുന്ന മുറയ്ക്ക് കെപിബിആർ 2019 ചട്ടം 34-3(2),34-3-3(a)(V) പ്രകാരമുള്ള സാനിറ്റേഷൻ സൌകര്യം നല്കിയിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

8. കെ.പി.ബി.ആർ 2019 ചട്ടം 76.1.(1) പ്രകാരം ഭൂഗർഭജലം പോഷണത്തിനുള്ള സംവിധാനങ്ങൾ നല്കിയിട്ടുണ്ടെന്ന് ഉറപ്പ വരുത്തേണ്ടതാണ്. കൂടാതെ ജില്ലാ സൂചന 2,3,4 ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയുടെ ഉത്തരവുകളിൽ പറഞ്ഞിരിക്കുന്ന നിബന്ധനകൾ കൃത്യമായി ഉറപ്പുവരുത്തേണ്ടതാണ്.

9. കെ.പി.ബി.ആർ 2019 ചട്ടം76 (3)(2) (അർബൻ ഫോറെസ്റ്റിറിയുമായി ബന്ധപ്പെട്ടത്), , 28(1) (ACCESS TO THE PLOT) എന്നിവ പാലിക്കുന്നുണ്ടെന്നും കെപിബിആർ 2019 ചട്ടം 42 പ്രകാരം ഭിന്നശേഷിക്കാർക്കും വയോജനങ്ങൾക്കും കുട്ടികൾക്കും ആവശ്യമായ സൌകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്നും സെക്രട്ടറി ഉറപ്പ വരുത്തേണ്ടതാണ്.

10. DDMA യുടെ ഉത്തരവുകൾ പ്രകാരമുള്ള നിലകൾ/ ഉയരനിയന്ത്രണങ്ങൾ പാലിച്ച കൊണ്ടാണ് നിർമാണം നടത്തുന്നതെന്ന് സെക്രട്ടറി ഉറപ്പ വരുത്തേണ്ടതാണ്

11. ഒക്യുപ്പൻസി സർട്ടിഫിക്കറ്റ് നല്കുന്ന മുറയ്ക്ക് പ്ലാനിൽ കാണിച്ചിട്ടുള്ള എല്ലാ സുരക്ഷിത സംവിധാനങ്ങളും നിർമ്മിച്ചിട്ടുണ്ടയെന്ന് സെക്രട്ടറി ഉറപ്പ് വരുത്തേണ്ടതാണ്

12. RPWD Act 2016 (Central Act 49 of 2016) പ്രകാരം കേന്ദ്ര നഗര വികസന മന്ത്രലയം പ്രസിദ്ധീകരിച്ച Harmonised guidelines & space standards for Barrier free Built Environment for Persons With Disability &Elderly Persons, National Building Code Of India(2016) - എന്നിവയിൽ പ്രസ്താവിച്ചിരിക്കുന്ന ബാധകമായ നിർമാണ മാനദണ്ഡങ്ങൾ, നിഷ്കർഷിച്ചിരിക്കുന്ന അളവുകളും നിർദേശങ്ങളും ഈ നിർമാണത്തിൽ പാലിച്ചിരിക്കണമെന്ന സെക്രട്ടറി ഉറപ്പാക്കണം.

13. കെ ഇ ആർ ചട്ടങ്ങളിലെ വ്യവസ്ഥകൾ പാലിക്കുന്നുണ്ടെന്ന് സെക്രട്ടറി ഉറപ്പുവരുത്തേണ്ടതാണ് .

( അംഗീകരിച്ച സൈറ്റ് പ്ലാൻ നമ്പർ -02/2024

ഡോ .ആതിര രവി

ടൗൺ പ്ലാനർ, വയനാട്

**Signed by Dr. Athira Ravi**
**Date: 01-02-2024 14:58:03**
**Reason: Approved**

പകർപ്പ് :

1. സെക്രട്ടറി, എടവക ഗ്രാമ പഞ്ചായത്ത്.

2. അധികം